# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

( Reg.No. 01-14/87- Aff. 10485 )
V.P. MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |

തിരുവനന്തപുരം
06-12-2014

KEEC/GL/2014

സ്വീകർത്താവ്

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (HRM- 2)
വൈദ്യുതി ഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ടെർമിനൽ ലീവ് സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന: കോൺഫെഡറേഷൻ ചെയർമാന് നൽകിയ കത്ത്.

ടെർമിനൽ ലീവ് സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ തുടങ്ങിയ പെൻഷൻ ആനുകൂല്യങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ടാക്സ് ഈടാക്കില്ലായിരുന്നു. എന്നാൽ കഴിഞ്ഞ ദിവസം താങ്കളുടെ ഓഫീസിൽ നിന്നും പെൻഷൻ ഓതറൈസേഷൻ സെക്ഷനിലേക്ക് ടാക്സ് ഈടാക്കണമെന്നുള്ള നിർദ്ദേശം നൽകിയതായി അറിയുന്നു. നിയമവിരുദ്ധമായി ഇത്തരത്തിലുള്ള നിർദ്ദേശം നൽകുവാൻ ബോർഡ് തലത്തിൽ ഒരു തീരുമാനവും ഉണ്ടായിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് (ഭരണഘടന ആർട്ടിക്കിൾ 12) ഉണ്ടായിരുന്നതുകൊണ്ടാണ് ടാക്സ് ബാധകമല്ലാതിരുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആയപ്പോൾ ഈ പദവി നഷ്ടപ്പെട്ടു എന്നുള്ളത്

സംബന്ധിച്ച് പ്രത്യേക ഉത്തരവ് ബോർഡ് തലത്തിലോ ഗവൺമെന്റ് തലത്തിലോ ഇല്ല. ഈ സാഹചര്യത്തിൽ ടാക്സ് പിടക്കുന്നതുവഴി KSEB Ltd ന്റെ ''സ്റ്റേറ്റ്'' പദവി ഇല്ലാതാക്കുന്ന നടപടി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വയം പ്രഖ്യാപിക്കുകയാണ്. ഇതുമൂലം KSEB Ltd ന് സർവ്വീസ് ടാക്സ്, വനം ഭൂമി വാടക, ജലം ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ വൻ ബാദ്ധ്യത വരും. ആയതിനാൽ KSEB Ltd ന്റെ''സ്റ്റാറ്റസ്'' സംബന്ധിച്ച വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ മേൽപ്പടി ടാക്സ് ഈടാക്കാൻ പാടുള്ളൂ.

ഗവൺമെന്റും ബോർഡും യൂണിയനുകളും തമ്മിൽ ഒപ്പുവച്ച ത്രികക്ഷി കരാർ പ്രകാരം നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും അതേപടി തുടരുമെന്നാണ് വ്യവസ്ഥ. മേൽ നടപടി സ്വീകരിച്ചാൽ ടാക്സിന് പിടിക്കുന്ന തുക തൊഴിലാളിക്ക് അധിക ബാദ്ധ്യതയാകും. ഇൻകം ടാക്സ് ആക്ട് പ്രകാരം മേൽപ്പടി ടാക്സ് സംബന്ധിച്ച് പുതിയ നിയമമൊന്നുമില്ലാത്ത സാഹചര്യത്തിൽ ടാക്സ് പിടിക്കുന്നത് നിയമ വിരുദ്ധവും നീതി നിഷേധവുമാണ്. ആയതിനാൽ ടാക്സ് ഈടാക്കണമെന്നുള്ള നിർദ്ദേശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി